"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് ക്ഷേമനിധി അംഗങ്ങൾക്ക് GEM പോർട്ടൽ മുഖേന ബീച്ച് അംബ്രല്ലകൾ വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.285/2026/TAXES തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/12/2025, 12/01/2026 തീയതികളിലെ LWHO/29/2025-E2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് ബോർഡിലെ അംഗങ്ങളായ ഭാഗ്യക്കുറി വില്പനക്കാർക്ക് ബീച്ച് അംബ്രല്ലകൾ വിതരണം ചെയ്യുന്നതിന് ബോർഡ് ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും, ഇതിനായി ലഭിച്ച അപേക്ഷകളിൽ അർഹരായ 1245 അംഗങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും GEM പോർട്ടലിൽ ഒരു ബീച്ച് അംബ്രല്ലയ്ക്ക് ₹1,600/- ആണ് വിലയെന്നും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ടി അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല വാങ്ങി നല്കുന്നതിന് അനുമതി നല്കണമെന്നും കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ₹19,92,000/- (പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) ചെലവഴിച്ച് 1,245 ക്ഷേമനിധി അംഗങ്ങൾക്ക് GEM പോർട്ടൽ മുഖേന ബീച്ച് അംബ്രല്ലകൾ വാങ്ങി വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി

ബോർഡിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/399/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 09-03-2026 13:40:25
സെക്ഷൻ ഓഫീസർ